LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കരുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിമൂലം കരുമുളകിന്റെ വിലയിൽ കുറവുണ്ടാകുന്നുണ്ട്.

(സി) കരുമുളക് കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ താഴെച്ചേർക്കുന്ന പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

1. കരുമുളകിനുള്ള മെതിയന്ത്രത്തിന് 50 ശതമാനം സബ്സിഡി (പരമാവധി 15000 രൂപ)നൽകുന്നു.

2. കരുമുളക് ഉണക്കുന്നതിനുള്ള 12'x6' അളവിലുള്ള 200 രൂപ വിലമതിക്കുന്ന മുളപായകൾക്ക് ടൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് 90 ശതമാനവും മറ്റുള്ളവർക്ക് 50 ശതമാനവാം സബ്സിഡി അനുവദിക്കുന്നു.

3. കരുമുളക് വിളവെടുക്കുന്നതിന് അലുമിനിയം ഏണി വാങ്ങുന്നതിന് 50 ശതമാനം സബ്സിഡി (പരമാവധി 5,000 രൂപ) അനുവദിക്കുന്നു.

4. കരുമുളക് ക്ലീനിംഗിനും ഗ്രേഡിംഗിനുമുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് 50 ശതമാനം നിരക്കിൽ (പരമാവധി 35,000 രൂപ) സബ്സിഡി അനുവദിക്കുന്നു.

നെൽകൃഷി വർദ്ധനവ്

150 (2984) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി വർദ്ധനവിലൂടെയുള്ള നെല്ലുല്പാദനത്തിന്റെ വിശദവിവരം നൽകുമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരിക്കുന്നത്.

- സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി
- മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി
- രാഷ്ട്രീയ കൃഷിവികാസ് യോജന
- രജിസ്റ്റേർഡ് വിത്തുത്പാദന പദ്ധതി
- നെല്ലുസംഭരണം
- ചെറുകിട യന്ത്രവത്കരണത്തിനുള്ള പദ്ധതി
- നെൽകൃഷിക്കുള്ള ഉത്പാദന ബോണസ്
- കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി
- കരനെൽകൃഷി
- വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി
- പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ
- സുഗന്ധ നെല്ലിന വികസന പദ്ധതി
- കാർഷിക യന്ത്രവത്കരണം
- സുസ്ഥിര നെൽകൃഷി വികസന പദ്ധതി
- തരിശുനിലകൃഷി, നെൽകൃഷിക്കുശേഷമുള്ള മറ്റുകൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി
- മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ
- ഉത്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

- നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം
- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം
- പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും

മേൽപ്പറഞ്ഞ പദ്ധതികളിൽ സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം(ആർ.കെ.വി.വൈ), ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉത്പാദന ബോണസ് എന്നിവ 2015-16-ലും നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നു. ആയത് 2012-13-ൽ 197277 ഹെക്ടറും 2013-14-ൽ 199611 ഹെക്ടറും ആവുകയുണ്ടായി. 2012-13 വർഷം നെല്ലിന്റെ ഉത്പാദനം മുൻവർഷത്തേക്കാൾ 60694 മെ. ടൺ കുറയുകയുണ്ടായി. ഇങ്ങനെ സംഭവിച്ചത് 2012-13-ൽ വരൾച്ചമൂലം 48161.6 ഹെക്ടർ നെൽകൃഷി നശിച്ചതിനാലാണ്. 2014-15 വർഷം നെല്ലിന്റെ ഉത്പാദനം 2013-14 നേക്കാൾ 2233 മെ.ടൺ കുറയുകയുണ്ടായി. ആയത് നെൽകൃഷിയുടെ വിസ്തീർണത്തിലുണ്ടായ കുറവ് മൂലമാണ്. നെൽവയലിന്റെ വിസ്തീർണ്ണം 2013-14-ൽ 199611 ഹെക്ടർ ആയിരുന്നത് 2014-15-ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. നെൽകൃഷിക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly